**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | 2020-21 അധ്യയന വർഷത്തിൽ കോവിഡ് മൂലം നാളിതുവരെയായി സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ സാധിക്കാത്തതിനാൽ ഉച്ചഭക്ഷണ പദ്ധതിയിൽ സർക്കാരിന് എത്ര രൂപയാണ് മിച്ചം വന്നതെന്ന് അറിയിക്കാമോ; | (എ) | 2020-21 അദ്ധ്യയന വർഷത്തിൽ കോവിഡ് മൂലം നാളിതുവരെയായി സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ലെങ്കിലും 2020 മാർച്ച് മാസം മുതൽ 2013 ലെ ഭക്ഷ്യഭദ്രതാ ആക്ട് പ്രകാരമുള്ള ഭക്ഷ്യഭദ്രതാ അലവൻസ് 27 ലക്ഷത്തോളം വരുന്ന സ്കൂൾ കുട്ടികൾക്ക് നൽകി വരുന്നു. 2020മാർച്ച് മാസം മുതൽ ആഗസ്റ്റ് വരെ ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യ കിറ്റ് രൂപത്തിൽ കുട്ടികൾക്ക് നൽകിയ ഇനത്തിൽ 1,81,49,25,189 (നൂറ്റി എൺപത്തിയൊന്ന് കോടി നാല്പത്തൊമ്പത് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഒരുനൂറ്റി എൺപത്തി ഒൻപതു രൂപ) രൂപ ചെലവ് ആയിട്ടുണ്ട്. 2020 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള ഭക്ഷ്യ ഭദ്രത അലവൻസ് നൽകുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഇതിനായി 99 കോടിയോളം രൂപയാണ് പ്രതീക്ഷിത ചെലവ് . ഇതിനു പുറമേ പാചകത്തൊഴിലാളികൾക്ക് 2020 ഏപ്രിൽ , മെയ് മാസങ്ങളിൽ 2000 രൂപ സമാശ്വാസമായി നൽകിയിട്ടുണ്ട്. 2020ജൂൺ മുതൽ 1600 രൂപ വീതം കോവിഡ് കാലയളവിലേക്ക് സമാശ്വാസമായി നൽകി വരുന്നു. ഇതിനായി ഇതുവരെ 20,92,43,200 രൂപ(ഇരുപത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി ഇരുനൂറു രൂപ മാത്രം) ചെലവ് ആയിട്ടുണ്ട്. ഇതിനു പുറമേ 2017 ജൂൺ മുതൽ പാചകത്തൊഴിലാളികൾക്ക് കടിശ്ശികയിനത്തിൽ നൽകാനുള്ള തുകയും പാചകത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകി ഇതിനായി 33,17,60,600 രൂപ (മുപ്പത്തിമൂന്നു കോടി പതിനേഴ് ലക്ഷത്തി അറുപതിനായിരത്തി അറുനൂറു രൂപ മാത്രം) ചെലവ് ആയിട്ടുണ്ട് . സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളിൽ 3 ശതമാനത്തിലേറെ വർദ്ധനവാണ് ഈ അദ്ധ്യയന |

| | | | |
|---|---|---|---|
| | | | വർഷം വന്നിട്ടുള്ളത് .പ്രസ്തുത സാഹചര്യത്തിൽ , നിലവിലെ ബഡ്ജറ്റ് ശീർഷകങ്ങളിൽ എത്ര രൂപ മിച്ചം വരുമെന്ന് വർഷാവസാനം മാത്രമേ ലഭ്യമാവുകയുള്ളൂ . |
| (ബി) | ഇങ്ങനെ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകേണ്ടതിനുള്ള പണം മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് നീക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ ഏതെല്ലാം ആവശ്യങ്ങൾക്കെന്ന് വിശദമാക്കാമോ; | (ബി) | സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകേണ്ടതിനുള്ള പണം മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് നീക്കിയിട്ടില്ല. |
| (സി) | 2020-21 അദ്ധ്യയന വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ഫണ്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണപദ്ധതി നടത്തിപ്പിനായി 26709.83 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട് . ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. അനുവദിച്ച തുക (ലക്ഷത്തിൽ) ക്രമ നമ്പർ ഇൻസ്റ്റാൾമെന്റ് അനുവദിച്ച തുക (ലക്ഷത്തിൽ) 1 . അഡ്ഹോക് - 1 1832.81 2 . അഡ്ഹോക് - 2 3665.62 3 ആദ്യ ഇൻസ്റ്റാൾമെന്റിന്റെ ബാക്കി തുക. 5069.83 4 ഭക്ഷ്യ ഭദ്രത അലവൻസ് നൽകുന്നതിനുള്ള തുക 4169.35 5 രണ്ടാമത്തേതും അവസാനത്തേതുമായ ഇൻസ്റ്റാൾമെന്റ് 11972..22 ആകെ 26709.83 രൂപ |

സെക്ഷൻ ഓഫീസർ